Janayugom 28-11-18, P-12

# കാലംതെറ്റി കരിമ്പ് പൂത്തു; കർഷകർക്ക് കഷ്ടകാലം

**സന്ദീപ് രാജാക്കാട്**

മറയൂർ: കാലംതെറ്റി കരിമ്പ് വ്യാപകമായി പൂത്തത് വിലയിടിവിൽ നട്ടം തിരിയുന്ന മറയൂരിലെ കരിമ്പ് കർഷകർക്ക് ഇരട്ടി പ്രഹരമായി. പൂത്ത കരിമ്പുകളിൽ നീരുവറ്റുമെന്നതിനാൽ ശർക്കര ഉൽപ്പാദനത്തിൽ ഇത്തവണ ഗണ്യമായ കുറവുണ്ടാകുമെന്നാണ് കർഷകരുടെ വിലയിരുത്തൽ.

അഞ്ചുനാട് മേഖലയിലെ പ്രധാന കാർഷിക വിളയായ കരിമ്പ് പൂത്ത് ഉൽപ്പാദനം കുറഞ്ഞത് കൂടാതെ ശർക്കരയുടെ വിലയിടിവും കർഷകർക്ക് തിരിച്ചടിയായിരിക്കുകയാണ്. ഉൽപ്പാദനത്തിൽ ഗണ്യമായ കുറവുണ്ടായിരിക്കുന്നത് കൂടാതെ ശർക്കരക്ക് വിപണിയിലുണ്ടായ വിലയിടിവും കർഷകരെ വലയ്ക്കുന്നു. കാന്തല്ലൂർ,മാശിവയൽ,ചുരക്കുളം,മറയൂർമാശി തുടങ്ങിയ മേഖലകളിൽ 1500 ഹെക്ടറിലധികം കരിമ്പിൻ തോട്ടമാണ് പൂത്തിരിക്കുന്നത്. സാധാരണയായി കരിമ്പ് ഓഗസ്റ്റ് മാസങ്ങളിൽ പൂക്കുമെന്നതിനാൽ കർഷകർ ഇത് ഒഴിവാക്കുന്ന തരത്തിലാണ് കൃഷിയിറക്കാറുള്ളത്. എന്നാൽ പതിവിന് വിപരീതമായി ഓഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ പൂത്തതാണ് കർഷകർക്ക് പ്രതിസന്ധി സൃഷ്ടിച്ചത്.



പൂത്ത് നിൽക്കുന്ന കരിമ്പ്

അഞ്ച് മാസം മുതൽ വളർച്ചയെത്തിയതും പാകമായതുമായ കരിമ്പുകളാണ് വ്യാപകമായി പൂത്തിരിക്കുന്നത്.

ഉൽപ്പാദന കുറവ് കൂടാതെ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന ശർക്കര സംസ്ഥാനത്തെ മാർക്കറ്റുകളിലേക്ക് എത്തിക്കാൻ കഴിയാത്തതും തിരിച്ചടിയായിട്ടുണ്ട്. കർഷകരിൽ നിന്ന് 65 മുതൽ 70 രൂപ വരെ വില നൽകി വ്യാപാരികൾ സംഭരിച്ചിരുന്ന ശർക്കര പെരിയവര പാലം തകർന്നതോടെ കേരള മാർക്കറ്റിലേക്ക് എത്തിക്കുന്നത് ചിലവേറിയതാണെന്ന് കാണിച്ച് നിലവിൽ 45 മുതൽ 50 രൂപവരെയാണ് വിലയായി നൽകുന്നത്. എന്നാൽ വ്യാപാരികൾ ഈ സാഹചര്യത്തെ മുതലാക്കി തമിഴ്നാട്ടിൽ നിന്നും ഗുണനിലവാരമില്ലാത്ത ശർക്കര കേരളത്തിൽ എത്തിച്ച് മറയൂർ ശർക്കരയെന്ന പേരിൽ വിറ്റഴിച്ച് ലാഭം കൊയ്യുകയാണെന്ന് കർഷകർ ആരോപിക്കുന്നു.